(ഇ) കംപ്യൂട്ടർ പരിശീലനം നൽകുന്നതിന് അനുയോജ്യമായ സ്ഥാപനങ്ങളെ ക്ഷണിച്ചുകൊണ്ട് ഡയറക്ടർ പത്ര പരസ്യം നൽകുകയും അതിലൂടെ ലഭ്യമായ സ്ഥാപനങ്ങളിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗ്യതാ പരിശോധന നടത്തുകയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യോഗ്യമെന്ന് ഡയറക്ടർക്ക് ബോധ്യമായ സ്ഥാപനങ്ങളെ പരിശീലനത്തിന് അദ്ദേഹം തിരഞ്ഞെടുക്കുകയും ചെയ്തു.

(എഫ്) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ഓരോ സ്ഥാപനവും പരിശീലനം നൽകിയ വിദ്യാർത്ഥികളുടെ എണ്ണവും ചെലവഴിച്ച തുകയുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.† മേൽ പറഞ്ഞ കണക്കുകളുടെ കൃത്യത വിജിലൻസ് അന്വേഷണത്തിലൂടെ മാത്രമേ ഉറപ്പു വരുത്തുവാൻ സാധിക്കുകയുള്ളു.

അനിയന്ത്രിത മത്സ്യബന്ധനം തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടി

*19 [49] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ഡോ. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനിയന്ത്രിത മത്സ്യബന്ധനം തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനായി ലൈസൻസ് നൽകുവാൻ കേന്ദ്ര കൃഷി മന്ത്രാലയം നടപടികളാരംഭിച്ചിട്ടുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കടൽ സമ്പത്ത് പാടെ ഇല്ലാതാക്കാൻ ഇട്ടയാക്കുന്ന ഈ നടപടിക്കെതിരെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) 1980-ലെ കേരള കടൽ മത്സ്യബന്ധന നിയ്ര ണ നിയമമനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഫിഷറീസ്നയം പുതുക്കുന്ന ജോലികൾ അന്തിമഘട്ടത്തിലാണ്.

(സി) പുതിയതായി നടപടികളാരംഭിച്ചതായി അറിവില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാർ സാമ്പത്തിക ആനുകൂല്യം അനുവദിക്കേണ്ട പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ

*20 [50] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ നടപ്പാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ള ഏതെങ്കിലും പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണഘടനാപരമായി കേന്ദ്ര സാമ്പത്തിക സഹായം അനുവദിക്കേണ്ട തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ കേന്ദ്രത്തിന്റെ അനുമതിക്കായി ഈ സർക്കാർ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുള്ള ഏതെങ്കിലും പദ്ധതികൾക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ കമ്മീഷനിൽ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്. പട്ടികജാതി ക്ഷേമത്തിനെ സംബന്ധിച്ചിടത്തോളം എസ്. സി. എ. ടു എസ്. സി. പി. വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തൽ പദ്ധതി പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ഉപയോഗിച്ച് നടപ്പാക്കുന്നവയാണ്. എസ്. സി. എ. ടു എസ്. സി. പി. ഫണ്ട് ചെലവാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് പദ്ധതികൾ അയച്ചു കൊടുത്ത് അംഗീകരിച്ചശേഷം സംസ്ഥാന സർക്കാർ നടപ്പാക്കുന്നവയാണ്. വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തൽ പദ്ധതി കട്ടേലയിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ മാത്രമേ ഇപ്പോൾ നടപ്പിലാക്കി വരുന്നുള്ളൂ.

പട്ടികവർഗ്ഗ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി പ്രത്യേക കേന്ദ്ര സഹായപദ്ധതി ഭരണഘടനയുടെ ആർട്ടിക്കിൽ 275(1) പ്രകാരമുള്ള പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly